MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985

NAAC GRADE A++

# വാർത്താക്കുറിപ്പ്

**2026 ഒക്ടോബർ 5**

## എം.ജി.യു.വിൽ അധ്യാപക വിദ്യാഭ്യാസം സംബന്ധിച്ച് ചർച്ച

*മഹാത്മാഗാന്ധി സർവകലാശാലയിൽ ആരംഭിക്കാനിരിക്കുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാമിന്റെ സാധ്യതകളും ടീച്ചർ എജ്യുക്കേഷന്റെ ഭാവിയും സംബന്ധിച്ച് ചർച്ച സംഘടിപ്പിച്ചു. സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് അധ്യാപകരും അഫിലിയേറ്റഡ് ടീച്ചർ എജ്യുക്കേഷൻ കോളേജുകളിലെ പ്രിൻസിപ്പാൾമാരും അധ്യാപകരും ചർച്ചയിൽ പങ്കെടുത്തു.*

*ഒക്ടോബർ 5 തിങ്കളാഴ്ച സെനറ്റ് ഹാളിൽ നടന്ന ചർച്ച വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. (ഡോ.) പി. കെ. മോഹൻരാജ്, ഡോ. ജോബിൻ ചാമക്കാല, ഡോ. ആതിരാ പ്രകാശ്, ഡോ. ഗിരീഷ് കുമാർ ജി. എസ്, ഡോ. ഐസൺ വി. വഞ്ചിപ്പുരക്കൽ, ഡോ. ഷാവാസ് ഷെരീഫ് പി, അബ്ദുൾ ലത്തീഫ്, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഡയറക്ടറും പരീക്ഷാ കൺട്രോളറുടെ അധിക ചുമതല വഹിക്കുന്ന പ്രൊഫസറുമായ ഡോ. സജ്ന ജലീൽ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. (ഡോ.) നൗഷാദ് പി.പി. തുടങ്ങിയവർ പങ്കെടുത്തു.*

*അധ്യാപക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത നാല് വർഷത്തെ ഇരട്ട മേജർ ബിരുദ പ്രോഗ്രാമാണ് ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യുക്കേഷൻ പ്രോഗ്രാം. ഇതിലൂടെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിൽ ഒരു മേജറിനൊപ്പം ലിബറൽ ആർട്സ് അല്ലെങ്കിൽ സയൻസിൽ മറ്റൊരു മേജർ കൂടി തിരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നു. സമകാലിക ക്ലാസ് മുറികളിൽ ആവശ്യമായ അറിവും കഴിവുകളും മൂല്യങ്ങളും സ്വായത്തമാക്കിയ അധ്യാപകരെ വാർത്തെടുക്കുകയാണ് പ്രോഗ്രാമിന്റെ ലക്ഷ്യം.*

*പി.ആർ.ഒ/889/2026*

## പരീക്ഷാഫലം

*രണ്ടാം സെമസ്റ്റർ (പി.ജി.സി.എസ്.എസ്) എം.എ. ഹിസ്റ്റോറിക്കൽ സ്റ്റഡീസ്, എംഎ തമിഴ്, എം.എസ്.സി. ഫിസിക്സ് (മെറ്റീരിയൽ സയൻസസ്) (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*പി.ആർ.ഒ/890/2026*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2024 അഡ്മിഷൻ റെഗുലർ, 2020-2023 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 23 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 26 വരെയും അപേക്ഷ സ്വീകരിക്കും.*

*പി.ആർ.ഒ/891/2026*

**പബ്ലിക് റിലേഷൻസ് ഓഫീസർ**